പി. എസ്. സി. ചെയർമാനെതിരെയുള്ള പരാതി

22 (767) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ചെയർമാൻ ശ്രീ. ഗംഗാധരക്കുറുപ്പിനെതിരെയുള്ള ക്രമിനൽ കേസുകൾ കൊല്ലം കോടതികളിൽ നിലനിൽക്കുമ്പോൾ ഹൈക്കോടതിയിൽ സർക്കാർ അഭിഭാഷകന്റെ സഹായത്തോടെ സ്റ്റേ സമ്പാദിച്ചാണ് അദ്ദേഹം ചെയർമാൻ സ്ഥാനത്തെത്തിയതെന്നു കാണിച്ച് ക്രിസ്റ്റഫർ എന്ന് പേരുള്ള കൊല്ലം സ്വദേശി നൽകിയ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ& ബി) ഇപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല. എന്നാൽ പി.എസ്.സി. ചെയർമാൻ ശ്രീ. ഗംഗാധരക്കുറുപ്പ് താൻ യാതൊരു കേസിലും പ്രതിയല്ലെന്ന് കള്ള സത്യവാങ്മൂലം നൽകിയാണ് പി.എസ്.സി. അംഗമായും ചെയർമാനായും നിയമനം നേടിയതെന്ന് ആരോപിക്കുന്ന ഒരു പരാതി കൊല്ലം സ്വദേശിയായ ക്രിസ്റ്റഫറിൽ നിന്ന് കിട്ടിയിരുന്നു. അന്വേഷണത്തിൽ ശ്രീ. ഗംഗാധരക്കുറുപ്പ് ഇപ്രകാരം സത്യവാങ്മൂലം നൽകിയതായി വിവരം ലഭിച്ചിട്ടില്ല.

ഭീകരപ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം

23 (769) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടക്കുന്ന ഭീകര പ്രവർത്തനങ്ങളെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് അന്വേഷണങ്ങളാണ് നടക്കുന്നതെന്നും അവ ഏതെല്ലാം കേസുകളുമായി ബന്ധപ്പെട്ടവയാണെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുള്ള ഭീകര പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാനതലത്തിൽ അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതു തരത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നതെന്നും ഓരോ കേസിലെയും അന്വേഷണപുരോഗതിയും വെളിപ്പെടുത്തുമോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നിരോധിക്കപ്പെട്ട സംഘടനകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഭീകരപ്രവർത്തനങ്ങൾ നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly